(സി) പ്രസ്തുത പദ്ധതിക്കായി 114 ബ്ലോക്കുകളിലായി 32.1594 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിൽ 4(1) വിജ്ഞാപനം 113 ബ്ലോക്കുകൾക്ക് വേണ്ടിയും പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കി 0.2005 - ഹെക്ടറിന്റെ 4(1) വിജ്ഞാപനം ഉടനെ തന്നെ പുറപ്പെടുവിക്കുന്നതാണ്. 110 ബ്ലോക്കുകളുടെ ഡ്രാഫ്റ്റ് ഡിക്ലറേഷൻ അംഗീകാരത്തിനായിസമർപ്പിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനോടനുബന്ധിച്ചുള്ള വാല്യുവേഷനും മറ്റു നടപടികളും ദ്രുതഗതിയിൽ നടന്നു വരുന്നു.

(ഡി) പ്രഥമ ഘട്ടത്തിൽ 144 എം.എൽ.ഡി. (പ്രതിദിനം 144 ദശലക്ഷം ലിറ്റർ) ജലമാണ് ഈ പദ്ധതി പ്രദേശത്ത് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്.

ചവറ മണ്ഡലത്തിലെ കടലാക്രമണ നിരോധന പണികൾ

52 (2630) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ നിയോജകമണ്ഡലത്തിലെ കടലാക്രമണ നിരോധന പണികൾ സംബന്ധിച്ച് ചീഫ് എൻജിനീയർ നൽകിയ ശുപാർശയിൽമേൽ എന്ത് നടപടി സ്വീകരിച്ചു ;

(ബി) കഴിഞ്ഞ രണ്ട് വർഷമായി പ്രസ്തുത പണികൾ ഏറ്റെടുത്ത് നടപ്പാക്കാതിരുന്നത് എന്തുകൊണ്ടാണ് എന്നറിയിക്കുമോ ;

(സി) ബഡ്ജറ്റിൽ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ആവശ്യത്തിന് പണം ഉള്ളപ്പോൾ ചീഫ് എൻജിനീയർ അനുമതിക്കുവേണ്ടി കാത്തു നിൽക്കുന്നതിന്റെ കാരണം അറിയിക്കാമോ ?

ഉത്തരം

(എ) ചവറ നിയോജകമണ്ഡലത്തിലെ കടലാക്രമണ നിരോധന പ്രവർത്തനത്തിന്റെ ഭാഗമായി കടൽഭിത്തി പുനരുദ്ധരിക്കുന്നതിന് 80 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയ്ക്കുള്ള പത്ത് പണികൾ ഏറ്റെടുക്കാനുണ്ട്. അവ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി&സി) കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കാനുള്ളതും, പുതിയ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്നതിന് സർക്കാർ വിലക്ക് നിലവിൽ ഉള്ളതുമാണ് പ്രസ്തുത പണികൾ നടപ്പിലാക്കാനുള്ള തടസ്സം. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പണികൾ ഏറ്റെടുത്ത് നടത്തുന്നതാണ്.

കരിങ്കൽ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

53 (2631) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിങ്കൽ മേഖലയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഉദ്ദേശം എത്ര പേരുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) എണ്ണം കണക്കാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; അപകട സാദ്ധ്യത കൂടുതലുള്ള പാറകഷാറികളിൽ പണിയെടുക്കുന്നവർക്ക് മിനിമം കൂലി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് അവസാനമായി പുതുക്കിയത് എന്നാണ് ;

(ഡി) കരിങ്കൽ തൊഴിലാളികൾക്ക് പ്രത്യേകമായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല.

(ബി) ഉദ്ദേശം 20000 തൊഴിലാളികൾ പണിയെടുക്കുന്നതായി അറിവുണ്ട്.

(സി) മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് 30-3-1983-ൽ ആണ്.

(ഡി) കരിങ്കൽ തൊഴിലാളികൾക്ക് പ്രത്യേകമായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടില്ല. അതേ സമയം ഈ തൊഴിലാളികൾക്ക് ഇപ്പോൾ അതേ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ അംഗമായി ക്ഷേമാനുകൂല്യങ്ങൾ നേടാവുന്നതാണ്.

വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

54 (2632) ശ്രീ. കെ. പി.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവ ഓരോന്നിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ എത്ര ;

(ബി) ഓരോ ക്ഷേമനിധി ബോർഡിലും അംശാദായമായി പിരിഞ്ഞു കിട്ടിയ സംഖ്യ എത്ര ;

(സി) വിവിധ ക്ഷേമനിധി ബോർഡുകളിൽ ഓരോന്നിനും സർക്കാർ നൽകിയിട്ടുള്ള സംഖ്യ എത്ര ;

(ഡി) ഏതൊക്കെ ക്ഷേമനിധികളാണ് ഇന്ന് തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) പെൻഷൻ നൽകുന്നതിനായി ഓരോ ക്ഷേമനിധികൾക്കും സർക്കാർ നൽകിയിട്ടുള്ള സംഖ്യ എത്ര ;

(എഫ്) മോട്ടോർ തൊഴിലാളികളുടെ പെൻഷൻ പദ്ധതിക്ക് അംഗീകാരം നൽകാത്തതിന്റെ കാരണം അറിയിക്കാമോ ;

(ജി) കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly